**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1598** **15-03-2022 - ൽ മറുപടിയ്ക്ക്**

**ചെറുതന - പള്ളിപ്പാട് പഞ്ചായത്തുകളിലെ കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായ വെള്ളപ്പൊക്കവും മടവീഴ്ച്ചയും കാരണം ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന, കരുവാറ്റ , പള്ളിപ്പാട് പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് വൻ നാശനഷ്ടം സംഭവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഓരോ പാടശേഖരങ്ങളിലും എത്ര രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന കാര്യം അറിയിക്കാമോ; | (ബി) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ചെറുതന, കരുവാറ്റ, പള്ളിപ്പാട് പഞ്ചായത്തുകളിൽ വെള്ളപ്പൊക്കവും മടവീഴ്ചയും മൂലം ഓരോ പാടശേഖരങ്ങളിലുമുണ്ടായ നാശനഷ്ടത്തിന്റെ വിവരങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പാടശേഖരങ്ങളിൽ മടവീഴ്ച മൂലമുള്ള കൃഷിനാശം തടയുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | മടവീഴ്ച ഉണ്ടായ പ്രസ്തുത പാടശേഖരങ്ങളിൽ തുടർന്നും മടവീഴ്ചമൂലം കൃഷിനാശം തടയുന്നതിനായി മടകൾ ശക്തിപ്പെടുത്തുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി 10 പാടശേഖരങ്ങൾക്കായി ആകെ 21,11,224/- രൂപ SDRF-ൽ നിന്നും ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശുപാർശയിന്മേൽ ആലപ്പുഴ ജില്ലാ കളക്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്. പാടശേഖരം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. കിഴക്കേപോച്ച തെക്ക്, കണ്ണഞ്ചേരി, മാന്തറ മീഞ്ചാൽ എന്നീ പാടശേഖരങ്ങളിലെ മടകൾ പുനർനിർമ്മാണം/ ശക്തിപ്പെടുത്തിയതിന്റെ വാല്യുവേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയക്ക് എസ്.ഡി.ആർ.എഫ്-ൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള ശുപാർശ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ കളക്ടർക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| പഞ്ചായത്തിന്റെ പേര് | പാടശേഖരത്തിന്റെ പേര് | കണക്കാക്കിയ നാശനഷ്ടം (തുക ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | കൃഷിനാശം | മടവീഴ്ച | ആകെ |
| ചെറുതന | തേവേരിതണ്ടപ്ര | 80 | 8.985 | 88.985 |
| | കിഴക്കേപോച്ച തെക്ക് | ഇല്ല | 6.82 | 6.82 |
| | കണ്ണഞ്ചേരി | ഇല്ല | 4.195 | 4.195 |
| പള്ളിപ്പാട് | ആയിരത്തുംപടവ് | ഇല്ല | 1.784 | 1.784 |
| | ചിറക്കുഴി | ഇല്ല | 4.467 | 4.467 |
| | കോനാരി | ഇല്ല | 3.376 | 3.376 |
| | കരീലി | ഇല്ല | 6.81 | 6.81 |
| | കോയിക്കലേത്ത് | ഇല്ല | 2.36 | 2.36 |
| | വൈപ്പിൻകാട് തെക്ക് | ഇല്ല | 1.585 | 1.585 |
| | വൈപ്പിൻകാട് വടക്ക് | ഇല്ല | 3.535 | 3.535 |
| കരുവാറ്റ | ഉലവം | 2.10 | ഇല്ല | 2.10 |
| | മാന്തര മിഞ്ചാൽ | 20 | 3.78413 | 23.78413 |
| | വെള്ളൂക്കേരി | ഇല്ല | 2.4 | 2.4 |
| | കൊപ്പാറ | ഇല്ല | 6.4298 | 6.4298 |

## <u>അനുബന്ധം – II</u>

| ക്രമ നം. | പാടശേഖരത്തിന്റെ പേര് | അനുവദിച്ച തുക (രൂപ) |
|---|---|---|
| 1 | വൈപ്പിൻകാട് വടക്ക് | 1,47,160 |
| 2 | കരീലിപ്പാടം | 3,58,772 |
| 3 | കോയിക്കലേത്ത് മട | 1,12,252 |
| 4 | കോനാരിപ്പാടം മട | 1,96,139 |
| 5 | വൈപ്പിൻകാട് തെക്ക് | 71,467 |
| 6 | ആയിരത്തുംപടവ് | 1,89,886 |
| 7 | തേവേരിതാണ്ടപ്ര മട | 1,38,784 |
| 8 | ചിറക്കുഴി പാടം | 2,12,651 |
| 9 | വെള്ളൂക്കേരി | 5,45,329 |
| 10 | കൊപ്പാറ | 1,38,784 |
| **ആകെ** | | **21,11,224** |